**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6200** **17-03-2023 - ൽ മറുപടിയ്ക്ക്**

**ഗ്രീൻ എനർജി കോറിഡോർ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. സുമോദ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ഉത്തര കേരളത്തിനായി ട്രാൻസ് ഗ്രിഡ് പദ്ധതിയിൽ ഉൾപ്പെടുത്തി സർക്കാർ നിർമ്മിക്കുന്ന ഗ്രീൻ എനർജി കോറിഡോർ പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ? | (എ) | കാസർകോട്, കണ്ണൂർ, വയനാട് ജില്ലകളിലുള്ള അമ്പലത്തറ, പൈവളികെ, ചീമേനി, ബാണാസുരസാഗർ എന്നീ സ്ഥലങ്ങളിൽ ഉത്പാദിപ്പിക്കപ്പെടുന്ന/ ഉത്പാദിപ്പിക്കാൻ ഉദ്ദേശിക്കുന്ന സൗരോർജ്ജം സംസ്ഥാന ത്തിന്റെ പ്രസരണ ശൃംഖലയിലേക്ക് കൊണ്ടു വരുന്നതിനുള്ള പദ്ധതിയാണ് ഉത്തര ഹരിതോർജ്ജ ഇടനാഴി. പദ്ധതിയുടെ നിർമ്മാണ ചെലവായി 911.80 കോടി രൂപയാണ് കണക്കാക്കിയിരിക്കുന്നത്.<br><br>ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന പ്രധാന പ്രവൃത്തികൾ ചുവടെ സൂചിപ്പിക്കുന്നു.<br><br>വയനാട് പയ്യമ്പിള്ളി 400 കെ വി സബ്സ്റ്റേഷന്റെ നിർമ്മാണം.<br><br>പയ്യമ്പിള്ളി മുതൽ കാസറഗോഡ്, കരിന്തളം വരെയുള്ള 125 km, 400 കെ. വി. ലൈനിന്റെ നിർമ്മാണം.<br><br>പയ്യമ്പിള്ളി സബ്സ്റ്റേഷനിൽ നിന്നുള്ള 220 കെ.വി മൾട്ടി സർക്യൂട്ട് ലൈനിന്റെ നിർമ്മാണം.<br><br><u>നിലവിലെ പുരോഗതി</u><br><br>125 കി. മീ. ദൈർഘ്യമുള്ള വയനാട്- കാസറഗോഡ് 400 കെ. വി. ലൈനിന്റെ നിർമ്മാണം പുരോഗമിച്ചു കൊണ്ടിരിക്കുന്നു. മറ്റു പ്രവൃത്തികളുടെ ടെൻഡർ നടപടികൾക്ക് വേണ്ടിയുള്ള വിശദമായ സാങ്കേതിക അപഗ്രഥനം നടന്നു കൊണ്ടിരിക്കുന്നു. |

സെക്ഷൻ ഓഫീസർ